## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *238. 05.05.2017 ൽ മറുപടിയ്ക്ക്

## ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന് പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.മുരളീധരൻ<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര : | | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | നിലവിലുള്ള മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർഹോട്ടലുകളിൽ ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ഇത്തരം ഹോട്ടലുകൾ ബാർലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകൾ ആക്കി മാറ്റിയത്. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസമടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് പുനർജനി 2030 എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ സമാഹരിച്ച തുകയിൽ നിന്നും ഓരോതൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5000/- രൂപ വീതം 5851 പേർക്കും, രണ്ടാം ഗഡുവായി 10,000/- രൂപ വീതം 5809 പേർക്കും , തൊഴിൽ നഷ്ടപ്പെട്ടത് മൂലം ആത്മഹത്യ ചെയ്ത മൂന്ന് തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപ വീതവും നൽകിയിട്ടുണ്ട്. |
| (ബി) | മദ്യത്തിന് ഏർപ്പെടുത്തിയിട്ടുള്ള സെസ് വിനിയോഗിച്ച് തൊഴിലാളികൾക്കുള്ള പുനരധിവാസം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ